# എപ്പോഴും സ്വീകരിക്കേണ്ട ഒമ്പത് അത്യാവശ്യ സൈബർ സുരക്ഷാ ശീലങ്ങൾ



### 1. ക്ലിക്ക് ചെയ്യുന്നതിന് മുമ്പ് ഒരു നിമിഷം ശ്രദ്ധിക്കൂ!

***താങ്കൾക്ക് അറിയാവുന്ന വ്യക്തി / സോഴ്സിൽ നിന്നാണെന്ന് ബോധ്യമുണ്ടെങ്കിലും, ലിങ്കുകളിൽ ക്ലിക്ക് ചെയ്യുന്നതിനു മുമ്പ് രണ്ടു തവണ ചിന്തിക്കൂ.***

- അജ്ഞാത ലിങ്കുകളിൽ ക്ലിക്ക് ചെയ്യുന്നതിന് പകരം, വെബ്സൈറ്റുകളിലേക്ക് അറിയപ്പെടുന്ന, നിയമാനുസൃതമായ (ഉദാ. HTTPS) ഒരു ഉറവിടത്തിലൂടെ എല്ലായ്പ്പോഴും പ്രവേശിക്കുക.
- അപ്രതീക്ഷിതമായി ഒരു അറ്റാച്ച്മെന്റ് കണ്ടാൽ, വിശ്വസനീയമായ ഒരു രീതി ഉപയോഗിച്ച് അയച്ചയാളിലൂടെ അതു സ്ഥിരീകരിക്കുക, അല്ലെങ്കിൽ സുരക്ഷിതരായിരിക്കാനായി ആ അറ്റാച്ച്മെന്റിൽ ക്ലിക്ക് ചെയ്യാതിരിക്കുക.



### 2. വ്യക്തിഗത വിവരങ്ങൾക്കായുള്ള അഭ്യർത്ഥനകൾ പരിശോധിക്കുക.

***താങ്കളുടേതോ മറ്റാരുടേതെങ്കിലുമോ സ്വകാര്യ വിവരങ്ങൾ ആവശ്യപ്പെട്ടുള്ള അഭ്യർത്ഥനകൾ എപ്പോഴും സ്ഥിരീകരിക്കുക.***

- തട്ടിപ്പുകാർക്ക് വിശ്വസനീയ കോൺടാക്റ്റുകൾ എന്ന രീതിയിൽ എളുപ്പത്തിൽ ആൾമാറാട്ടം നടത്താനാകും.
- അസാധാരണമായ പ്രവർത്തികൾ കണ്ടെത്താനായി സാമ്പത്തിക സ്റ്റേറ്റുമെന്റുകളും, ക്രെഡിറ്റ് റിപ്പോർട്ടുകളും പതിവായി പരിശോധിക്കുക.
- പല ഫിഷിംഗ് സന്ദേശങ്ങളിലും അക്ഷരപ്പിശകുകളും, വ്യാകരണ പിശകുകളും അടങ്ങിയിട്ടുണ്ടാകും.
- അഭ്യർത്ഥന നിയമാനുസൃതമാണോ എന്ന് പരിശോധിക്കുക. ആ വ്യക്തിക്കോ, സ്ഥാപനത്തിനോ നമ്മുടെ 'ആ വിവരം' ആവശ്യമായി വരാൻ സാധ്യതയുണ്ടോ? എന്ന കാര്യവും പരിശോധിക്കുക.



### 3. താങ്കളുടെ പാസ്‌വേഡുകൾ നിയന്ത്രിക്കുക

*താങ്കളുടെ അക്കൗണ്ടുകൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിന് ശക്തവും, സങ്കീർണ്ണവുമായ പാസ്‌വേഡുകൾ സൃഷ്ടിക്കുകയും അവ വിവേകത്തോടെ കൈകാര്യം ചെയ്യുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.*

- വ്യത്യസ്ത അക്കൗണ്ടുകൾക്കായി വെവ്വേറെ പാസ്‌വേഡുകൾ ഉപയോഗിക്കുക.
- ജോലി ആവശ്യത്തിനും, വ്യക്തിഗത ആവശ്യങ്ങൾക്കും വെവ്വേറെ പാസ്‌വേഡുകൾ ഉപയോഗിക്കുക.
- ഒരിക്കലും പാസ്‌വേഡുകൾ പങ്കിടരുത്.
- പാസ്‌വേഡ് ഇടയ്ക്കിടെ മാറ്റുക.
- ബ്രൗസറുകളിൽ പാസ്‌വേഡുകൾ സേവ് ചെയ്യുന്നത് ഒഴിവാക്കുക.
- അധിക സുരക്ഷയ്ക്കായി മൾട്ടി-ഫാക്ടർ ഓതന്റിക്കേഷൻ പ്രവർത്തനക്ഷമമാക്കുക.



### 4. താങ്കളുടെ ഉപകരണങ്ങൾ സുരക്ഷിതമാക്കുക

*പുറത്തുപോകുമ്പോൾ താങ്കളുടെ വർക്ക്സ്പെയ്സ് ലോക്ക് ചെയ്ത് ഉപകരണങ്ങൾ സംരക്ഷിക്കുക.*

- താങ്കളുടെ കമ്പ്യൂട്ടർ സ്ക്രീൻ എപ്പോഴും ലോക്ക് ചെയ്യുക.
- താങ്കളുടെ ഫോണും, പോർട്ടബിൾ ഉപകരണങ്ങളും എപ്പോഴും താങ്കളോടൊപ്പം സൂക്ഷിക്കുക, അല്ലെങ്കിൽ സുരക്ഷിതമായി സൂക്ഷിക്കുക.
- സാധ്യമാകുമ്പോഴെല്ലാം ശക്തമായ ഓതന്റിക്കേഷൻ രീതികൾ ഉപയോഗിക്കുക.



### 5. പ്രധാനപ്പെട്ട ഫയലുകൾ ബാക്കപ്പ് ചെയ്യുക

*താങ്കളുടെ സുപ്രധാന ഡാറ്റകൾ പതിവായി ബാക്കപ്പ് ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കുക.*

- ബാക്കപ്പുകൾ പ്രത്യേകമായി സൂക്ഷിക്കുക.
- താങ്കളുടെ സ്ഥാപനം അംഗീകരിച്ചിട്ടുള്ള സ്റ്റോറേജ് സൊല്യൂഷനുകൾ ഉപയോഗിക്കുക.
- ശരിയായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ബാക്കപ്പുകൾ പതിവായി പരിശോധിക്കുക.



### 6. സംശയാസ്പദമായ പ്രവർത്തനങ്ങൾ റിപ്പോർട്ട് ചെയ്യുക.

*എന്തെങ്കിലും സംശയാസ്പദമായി തോന്നുകയാണെങ്കിൽ, താങ്കളുടെ ബുദ്ധിയെ വിശ്വസിക്കുക-അത് റിപ്പോർട്ട് ചെയ്യുക!*

- തട്ടിപ്പുകൾ, സംശയാസ്പദമായ പ്രവർത്തനങ്ങൾ എന്നിവ ശ്രദ്ധയിൽപെട്ടാൽ, താങ്കളുടെ സൂപ്പർവൈസർക്ക് മുന്നറിയിപ്പ് നൽകുകയും, താങ്കളുടെ സ്ഥാപനത്തിന്റെ റിപ്പോർട്ടിംഗ് പ്രോട്ടോക്കോൾ അനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക.



### 7. സ്വയം പഠിക്കുകയും, മറ്റുള്ളവരെ പഠിപ്പിക്കുകയും ചെയ്യുക.

*ഏറ്റവും പുതിയ സൈബർ സുരക്ഷാ ഭീഷണികളെയും, ട്രെൻഡുകളെയും കുറിച്ച് അറിഞ്ഞിരിക്കുക.*

- താങ്കൾക്ക് അവസരം ലഭിക്കുമ്പോൾ പരിശീലന പരിപാടികളിൽ പങ്കെടുക്കുകയും, സഹപ്രവർത്തകരുമായി അറിവ് പങ്കിടുകയും ചെയ്യുക.
- നല്ല അറിവുള്ള ഒരു ടീം, സൈബർ ഭീഷണികൾക്കെതിരായ താങ്കളുടെ ആദ്യ പ്രതിരോധ നിരയാണ്.



### 8. സുരക്ഷിത നെറ്റ്‌വർക്കുകൾ ഉപയോഗിക്കുക

*എല്ലായ്പ്പോഴും, പ്രത്യേകിച്ചും സെൻസിറ്റീവ് വിവരങ്ങൾ ആക്സസ് ചെയ്യുമ്പോൾ, സുരക്ഷിത നെറ്റ്‌വർക്കുകളിലേക്ക് കണക്റ്റു ചെയ്യു.*

- സാമ്പത്തിക ഇടപാടുകൾ ചെയ്യുമ്പോഴും, സെൻസിറ്റീവ് ജോലികൾ ചെയ്യുമ്പോഴും പൊതു വൈഫൈ ഒഴിവാക്കുക.
- കൂടുതൽ സുരക്ഷിതത്വത്തിനായി, ആവശ്യമുള്ളപ്പോൾ ഒരു വെർച്വൽ പ്രൈവറ്റ് നെറ്റ്‌വർക്ക് (VPN) ഉപയോഗിക്കുക.



### 9. സോഷ്യൽ മീഡിയയിൽ ജാഗ്രത പാലിക്കുക

*താങ്കൾ ഓൺലൈനിൽ പങ്കിടുന്ന വ്യക്തിഗത വിവരങ്ങൾ നിയന്ത്രിക്കുക. അപ്പോൾ താങ്കൾക്ക് സ്വകാര്യത പരിരക്ഷിക്കാനും, സുരക്ഷ വർദ്ധിപ്പിക്കാനും, കൂടുതൽ മികച്ച ഓൺലൈൻ അനുഭവം സൃഷ്ടിക്കാനും കഴിയും.*

- സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലെ സ്വകാര്യതാ ക്രമീകരണങ്ങൾ പരിശോധിക്കുക.
- സൗഹൃദ അഭ്യർത്ഥനകളും, താങ്കളുടെ വിവരങ്ങളിലേക്ക് ആക്സസ് ഉള്ളവരെയും ശ്രദ്ധിക്കുക; ലോക്ക് ചെയ്തിട്ടുള്ള പ്രൊഫൈലുകളിൽ നിന്നുള്ള അഭ്യർത്ഥനകൾ സ്വീകരിക്കരുത്.
- അപകടസാധ്യതകൾ കുറയ്ക്കുന്നതിനായി താങ്കളുടെ ഓൺലൈൻ സാന്നിധ്യം പതിവായി പരിശോധിക്കുക.

## ഓർക്കുക: സൈബർ സുരക്ഷ എല്ലാവരുടെയും ഉത്തരവാദിത്വമാണ് !